## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.16 | 03.02.2020 ൽ മറുപടിയ്ക്ക്

## അവശ്യസാധനങ്ങളുടെ വിലക്കയറ്റം

ചോദ്യം

ശ്രീ. അനൂപ് ജേക്കബ്
ശ്രീ. എം. വിൻസെന്റ്
ശ്രീ. പി. ടി. തോമസ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആവശ്യസാധനങ്ങളുടെ വിലക്കയറ്റം മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പയർ വർഗ്ഗങ്ങൾ, മുളക്, സവാള മുതലായ അവശ്യ സാധനങ്ങളുടെ വിലയിൽ ഇക്കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ വിലക്കയറ്റം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | മുമ്പൊരിക്കലും ഉണ്ടാകാത്ത വിധത്തിലുള്ള വിലക്കയറ്റത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | നിരന്തരം ഉയരുന്ന ഇന്ധന വില, കാലാവസ്ഥാ വ്യതിയാനം മൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നിവയാണ് ഇത്തരത്തിൽ വില വർദ്ധനവിന് ഇടയാക്കിയിട്ടുള്ളത്. |
| (സി) | ഉപഭോക്തൃ വിലസൂചിക ഡിസംബറിൽ 7.35 ശതമാനം കയറ്റം രേഖപ്പെടുത്തിയ സാഹചര്യത്തിൽ വിലവർദ്ധനവ് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | അവശ്യ വസ്തുക്കളുടെ കാര്യത്തിൽ, പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയാണ് സംസ്ഥാനത്തിനുള്ളത്. എന്നിരുന്നാലും, സപ്ലൈകോ മുഖേന കാര്യക്ഷമമായ വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നത് മൂലം, സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ, |

| | | | |
|---|---|---|---|
| | | | ഗൃഹോപകരണ വില്പന എന്നിവയിലൂടെ വിലക്കുറവിന്റെ പ്രയോജനം ഉപഭോക്താവിന് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിക്കൊണ്ട് കേരളത്തിലെ മുഴുവൻ സപ്ലൈകോ മാവേലിസ്റ്റോറുകൾ. സൂപ്പർ മാർക്കറ്റുകൾ എന്നിവകൾ വഴി ലഭ്യമായ നിത്യോപയോഗ സാധനങ്ങളും അവശ്യ സാധനങ്ങളും വിലക്കുറവും, സബ്സിഡിയും നൽകി വിതരണം ചെയ്ത് വിലക്കയറ്റം നിയന്ത്രിക്കുകയും വിലവർദ്ധനവ് തടയാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സവാളയുടെ കാര്യത്തിലും സർക്കാർ സമയോചിതമായി ഇടപെടുകയും വിപണി വില നിയന്ത്രിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കമ്പോള ഇടപെടലുകൾ നടത്തുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര തുകയാണ് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചത്; പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിൽ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 150 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ